പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 681 — 8.8.2017 -ൽ മറുപടിയ്ക്ക്

**ബാറുകൾ നിർത്തലാക്കിയത് മൂലം വിനോദസഞ്ചാര രംഗം നേരിട്ട തിരിച്ചടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ. രാജൻ<br>ശ്രീമതി സി.കെ. ആശ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | ബാറുകൾ അടച്ച മുൻ സർക്കാർ നടപടി മൂലം വിനോദസഞ്ചാര രംഗം നേരിട്ട തിരിച്ചടിയുടെ ആഴം വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ നിലവിലെ വിനോദസഞ്ചാരികളുടെ വരവിലുള്ള വളർച്ചാനിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടൂറിസം വകുപ്പ് നടത്തിയ "Trade Research Survey 2016" എന്ന പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്യാണങ്ങൾ എന്നിവയുടെ വളർച്ചാ നിരക്കിലുണ്ടായ ഇടിവാണ്. ഇതിനൊരു കാരണം നിലവിലെ മദ്യനയം കൂടിയാണെന്ന് പ്രസ്തുത പഠനത്തിൽ കണ്ടെത്തുകയുണ്ടായി. |
| ബി) | പ്രസ്തുത നടപടിമൂലം വിനോദസഞ്ചാരികളുടെ എണ്ണത്തിൽ എത്രത്തോളം കുറവുണ്ടായെന്ന് വ്യക്തമാക്കുമോ; | ബി) | വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽവളർച്ചാനിരക്കിൽ കുറവ് സംഭവിച്ചിട്ടുണ്ട്. 2014 വർഷം 7.71% ആയിരുന്ന വളർച്ചാനിരക്ക് 2015 ൽ 6.53% ആയി കുറഞ്ഞു. 2016 ൽ 5.71% വളർച്ചാനിരക്ക് മാത്രമാണ് കൈവരിക്കാൻ കഴിഞ്ഞത്. |
| സി) | ഈ സർക്കാരിന്റെ മദ്യനയം മൂലം വിനോദസഞ്ചാര മേഖലയിൽ ഏതൊക്കെ തരത്തിലുള്ള മാറ്റം ദൃശ്യമാവുമെന്ന് അറിയിക്കുമോ? | സി) | പുതിയ മദ്യനയം നിലവിൽ വന്ന ശേഷം മദ്യനയം വിനോദസഞ്ചാര മേഖലയിൽ ചെലുത്തിയ സ്വാധീനത്തെകുറിച്ച് പഠനങ്ങളൊന്നും വകുപ്പ് നടത്തിയിട്ടില്ല. എങ്കിലും വിനോദസഞ്ചാര മേഖലയ്ക്ക് ഊർജ്ജം പകരുകയും സംസ്ഥാനത്തിന് റെവന്യൂ വരുമാനം വർദ്ധിക്കും എന്നുള്ളതും നിസ്തർക്കമാണ്. |

സെക്ഷൻ ഓഫീസർ